മംഗളം
MANGALAM MALAYALAM NEWS
24 January 2024

# വിദ്യാർഥികൾക്കും യുവഗവേഷകർക്കും സി.എം.എഫ്.ആർ.ഐയുടെ ശാസ്ത്രപാഠം

കൊച്ചി: ബിരുദാനന്തരബിരുദ വിദ്യാർഥികൾക്കും യുവഗവേഷകർക്കും സമുദ്രജൈവവൈവിധ്യത്തെക്കുറിച്ച് ശാസ്ത്രീയ അറിവുകൾ പകർന്ന് നൽകാനൊരുങ്ങി കേന്ദ്ര സമുദ്രമത്സ്യഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ). കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെ വർധിച്ചുവരുന്ന വെല്ലുവിളികൾക്കിടയിൽ കടൽ ജൈവവിധ്യത്തെയും പരിസ്ഥിതിയെയും സംബന്ധിച്ച ശാസ്ത്രീയപാഠങ്ങൾ പുതുതലമുറയിലെത്തിക്കുകയാണ് ലക്ഷ്യം. നോ യുവർ മറൈൻ ബയോഡൈവേഴ്സിറ്റി ആന്റ് എൺവയൺമെന്റ് എന്ന പേരിൽ അഞ്ച് ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി ഫെബ്രുവരി അഞ്ച് മുതൽ ഒമ്പത് വരെ സിഎംഎഫ്ആർഐയിൽ നടക്കും.

സമുദ്രജൈവവിധ്യം ശാസ്ത്രീയമായി അടുത്തറിയാൻ സഹയകരമാകുന്ന ഈ പരിശീലനപരിപാടിക്ക് കാലാവസ്ഥാ വ്യതിയാനവും മലിനീകരണവും ഉൾപ്പെടെ വർധിച്ചുവരുന്ന ഭീഷണികളുടെ പശ്ചാത്തലത്തിൽ ഏറെ പ്രാധാന്യമുണ്ടെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ. ഗോപാലകൃഷ്ണൻ പറഞ്ഞു. ഇക്കാര്യത്തിലെ ശാസ്ത്രീയ അറിവുകൾ ആഗോള ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറക്കുന്നതിനുമുള്ള മുന്നൊരുക്കങ്ങൾക്ക് ഗുണകരമാകുമെന്നും അദ്ദേഹം പറഞ്ഞു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 8301048849 എന്ന നമ്പറിൽ ബന്ധപ്പെടുക.